LIBRARY ARCHIVES Kerala Legislative Assembly

(16) കുന്നത്തൂർ താലൂക്കിലെ പടിഞ്ഞാറേ കല്ലട പഞ്ചായത്തിലെ വെട്ടിയതോട് പാലം പണി

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, 90 വർഷത്തിലേറെ പഴക്കമുള്ളതാണ് കുന്നത്തൂർ താലൂക്കിലെ പടിഞ്ഞാറെ കല്ലടയിലെ വെട്ടിയതോട് പാലം. അത് ഏതു സമയത്തും അപകടം സംഭവിക്കാവുന്ന സ്ഥിതിയിലാണ്. വാഹനഗതാഗതം നിർത്തിവയ്ക്കേണ്ടിവരുമെന്നാണ് പി.ഡബ്ല്യു.ഡി. അധികൃതർ അറിയിച്ചിരിക്കുന്നത്. നാട്ടുകാർ ആകെ ഭയാശങ്കയിലാണ്. അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ സ്ഥിതി മനസ്സിലാക്കികൊണ്ടുതന്നെ വളരെ അടിയന്തിരമായി പാലം പുതുക്കിപണിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*: സർ, കുന്നത്തൂർ താലൂക്കിലെ വെട്ടിയതോട് പാലം നിർമ്മിക്കുന്നതിന് 144 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അടിയന്തിര നടപടികൾ പൂർത്തീകരിച്ച് പാലം പണി ആരംഭിക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. എത്രയും പെട്ടെന്ന് പാലംപണി ആരംഭിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ അറിയിക്കുകയാണ്.

(17) സംസ്ഥാനത്ത് നടക്കുന്ന വ്യാജ ചികിൽസ തടയുന്നതിന് നടപടി

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും കേരളം മുന്നിലാണ്. പക്ഷേ, സംസ്ഥാനത്ത് വ്യാജ ഡോക്ടർമാരും വ്യാജ ചികിൽസയും, വ്യാജ ചികിൽസാ കേന്ദ്രങ്ങളും വർദ്ധിച്ചുവരികയാണ്. അങ്ങനെയുള്ള ഒരു അവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാനുള്ള പ്രധാന കാരണം ഇത്തരം വ്യാജൻമാരായിട്ടുള്ള ആളുകളേയും സ്ഥാപനങ്ങളേയും കണ്ടെത്തി നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശിക്ഷിക്കാൻപറ്റുന്ന വിധത്തിലുള്ള നിയമമില്ലാത്തതുകൊണ്ടാണ്. നിലവിലുള്ള നിയമം ഇതിന് പര്യാപ്തമല്ല എന്ന് നിരവധി തവണ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. ഐ.എം.എ.യും അതുപോലെ ഹോമിയോ ഡോക്ടർമാരും, ആയുർവ്വേദ ഡോക്ടർമാരും, അവരുടെ സംഘടനകളുമൊക്കെ നിരന്തരമായി ആവശ്യപ്പെട്ടുവന്ന ഒരു ആവശ്യവുമാണ്. നേരത്തെ നമുക്ക് ട്രാവൻകൂർ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് ഉണ്ടായിരുന്നു. അത് കേരളത്തിന് ഒന്നാകെ ബാധകവുമല്ല. കേരളത്തിനൊന്നാകെ ബാധകമാകുന്ന ഒരു മെഡിക്കൽ നിയമം നമ്മുടെ സംസ്ഥാനത്ത് ഇല്ല. അതുകൊണ്ട് അടിയന്തിരമായി സമഗ്രമായ ഒരു മെഡിക്കൽ നിയമം സംസ്ഥാനത്ത് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ? കഴിഞ്ഞ തവണ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി